# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - തലശ്ശേരി നഗരസഭയിലെ മുൻഅസിസ്റ്റന്റ് എഞ്ചിനിയർ- ശ്രീഎം.പവിത്രൻ, മുൻഅസിസ്റ്റന്റ് എഞ്ചിനിയർ- ശ്രീ.കെ.കെ മനോഹരൻ, മുൻമുൻസിപ്പൽ എഞ്ചിനിയർ- പി.ആർ.സജികുമാർ,മുൻഓവർസിയർ ശ്രീ.ആർ.മനോജ് കുമാർ മുതൽപേർ ഫയൽ ചെയ്ത T.A. No. 957/2013 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 08/12/2014-ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാ.ധാ) നം. 2586/15/തസ്വഭവ | തിരുവനന്തപുരം, തീയതി: 22/08/15

പരാമർശം:-

1) തലശ്ശേരി നഗരസഭാസെക്രട്ടറിയുടെ 14/01/2008 ലെ എ 3-9566/04(ഓഡിറ്റ ്)ാംനമ്പർ ഉത്തരവ്.
2) T.A. No. 957/2013 നമ്പർ കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 08/12/2014-ലെ വിധിന്യായം.
3) തലശ്ശേരി നഗരസഭയിലെ മുൻഅസിസ്റ്റന്റ് എഞ്ചിനിയർ- ശ്രീഎം.പവിത്രൻ, അസിസ്റ്റന്റ് മുൻഎഞ്ചിനിയർ- ശ്രീ.കെ.കെ മനോഹരൻ, മുൻമുൻസിപ്പൽ എഞ്ചിനിയർ- പി,ആർ.സജികുമാർ,മുൻഓവർസിയർ ശ്രീ.ആർ.മനോജ് കുമാർ എന്നിവർ ചീഫ് എഞ്ചിനിയർ മുഖാന്തിരം സമർപ്പിച്ച ഹർജി
4) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയരുടെ 05/01/2015 ലെ ഇ 1/2302/2014/സി-ഇ-തസ്വഭവ.ാം നമ്പർ കത്ത് .
5) ലോക്കൽ ഫണ്ട് ഡയറക്ടറുടെ 30/04/2015-ലെ എൽ.എഫ്.5601/എസ്1/2015ാം നമ്പർ കത്ത്.
6) തലശ്ശേരി നഗരസഭയിലെ മുൻഅസിസ്റ്റന്റ് എഞ്ചിനിയർ- ശ്രീഎം.പവിത്രൻ, അസിസ്റ്റന്റ് മുൻഎഞ്ചിനിയർ- ശ്രീ.കെ.കെ മനോഹരൻ, മുൻമുൻസിപ്പൽ എഞ്ചിനിയർ- പി,ആർ.സജികുമാർ,മുൻഓവർസിയർ ശ്രീ.ആർ.മനോജ് കുമാർ എന്നിവർ ഹിയറിംഗ് വേളയിൽ സമർപ്പിച്ച രേഖകൾ.

### ഉത്തരവ്

1) തലശ്ശേരി നഗരസഭയുടെ ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടി എന്ന നിലക്കും ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയുടെ 16ാമത് റിപ്പോർട്ടിലെ 91 മുതൽ 98 വരെയുള്ള ശുപാർശയുടെ അടിസ്ഥാനത്തിലും തലശ്ശേരി നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനിയറായിരുന്ന ശ്രീഎം.പവിത്രൻ, അസിസ്റ്റന്റ് എഞ്ചിനിയറായിരുന്ന ശ്രീ.കെ.കെ മനോഹരൻ, മുൻസിപ്പൽ എഞ്ചിനിയറായിരുന്ന പി,ആർ.സജികുമാർ,ഓവർസിയറായിരുന്ന ശ്രീ.ആർ.മനോജ് കുമാർ എന്നിവർ നിന്നും 17147 രൂപാ വീതം ഈടാക്കാൻ പരാമർശം(1)പ്രകാരം ഉത്തരവായിരുന്നു.ഇതിനെതിരെ ടിയാളുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/12/2014-ലെ ടി-എ 957/2013ാം നമ്പർ കേസിലെ വിധിന്യായത്തിൽ ടിയാനെ നേരിൽ കേട്ട് മാസത്തിനകം വിഷയം തീർപ്പാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.നിലവിൽ തുടർനടപടി ഒഴിവാക്കുന്നതിന് ടിയാൻ സമ്പാദിച്ചിട്ടുള്ള സ്റ്റേ അതുവരെ നിലനില്ക്കുന്നതുമാണ്.

2) ടി വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ തലശ്ശേരി നഗരസഭാ സെക്രട്ടറിയോടും ആഡിറ്റിനോടും ആവശ്യപ്പെട്ടിരുന്നു. ടി വിഷയത്തിൽ പരാമർശം(5)പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

3) മുൻനീക്കിയിരിപ്പ് തുകക്ക്(3/98 ൽ അടവാക്കിയ-5,40,829 രൂപയുടെ) ടാർ ലഭ്യമാക്കുകയോ,മുൻനീക്കിയിരിപ്പ് തുക പരിശോധിക്കുകയോ ചെയ്യാതെ അശ്രദ്ധമായി 5/98 ൽ ഓയിൽ കമ്പനിക്ക്(ഐ-ഒ-സി) -9,63,920 രൂപ നല്കിയതുമൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുള്ളതായി ആഡിറ്റ് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ 2000 ത്തിൽ -5,40,829 രൂപക്കുള്ള ടാർ ലഭ്യമാക്കിയപ്പോൾ ടാറിന്റെ മാർക്കറ്റ് വില വർദ്ധിച്ചതിനാൽ 1,37,171 രൂപയുടെ ടാർ കുറവായിരുന്നു.1,37,171 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ

2001-02 വർഷത്തെ സമാഹൃതറിപ്പോർട്ടിലെ തെളിവെടുപ്പുമായി ബന്ധപ്പെട്ട് നിയമസഭാസമിതി നിർദ്ദേശിച്ചിട്ടുണ്ട്.

4) കോടതിവിധിയുടെ അടിസ്ഥാനത്തിൽ നഷ്ടോത്തരവാദികളെ 21 /05/2015 ന് ഉച്ചക്കുശേഷം 2 – മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ട് അവർ ലഭ്യമാക്കിയ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട് . ബന്ധപ്പെട്ട രജിസ്റ്റർ ,ലഭ്യമായ ബാലൻസ് ഷീറ്റ് എന്നിവയും പരിശോധിച്ചു . ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും ഹീയറിംഗിന് ഹാജരായിരുന്നു .

5) ശ്രീ . പി . ആർ . സജികുമാറിന്റെ മൊഴി പ്രകാരം അദ്ദേഹം മൂന്നര മാസം മാത്രമേ തലശ്ശേരി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയറായി സേവനം അനുഷ്ഠിച്ചിട്ടുള്ളുവെന്നും, ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നേരത്തെ ഒടുക്കിയിട്ടുള്ള തുകയ്ക്ക് ഐ.ഒ.സി- യിൽ നിന്ന് ടാർ ലഭ്യമാക്കിയിട്ടുണ്ടെന്നും ,അദ്ദേഹം ഹാജരാക്കിയിട്ടുള്ള ഇഷ്യൂ രജിസ്റ്ററിന്റെ പകർപ്പിൽ നിന്ന് മനസ്സിലാക്കാവുന്നതാണെന്നും,ടാറിനായി അടവാക്കിയ തുകയിൽ ബാക്കി നിൽക്കുന്ന തുക കൂടി കണക്കിലെടുത്താണ് വീണ്ടും ടാർ അനുവദിക്കുന്നതെന്നും ,ഇത് ഒരു തുടർ നടപടിയായി നടന്നുവരുന്നുവെന്നും പറഞ്ഞു .

6) കമ്പനിയിൽ നിന്നും ടാർ ലഭിക്കുമ്പോൾ ഓഫീസ് കോമ്പൗണ്ടിലും ഓഫീസിനോട് ചേർന്നുള്ള റോഡരികിലുമാണ് ടാർ സൂക്ഷിച്ചു പോരുന്നതെന്നും ,തലശ്ശേരി നഗരസഭയ്ക്ക് ടാർ സൂക്ഷിച്ചു വയ്ക്കുന്നതിന് സൗകര്യങ്ങൾ ഇല്ലായെന്നും ,ആയതിനാൽ ഓരോ പ്രവർത്തികൾക്ക് ആവശ്യമായി വരുന്ന ടാർ മാത്രമാണ് ലഭ്യമാക്കുന്നതെന്നും ,സപ്ലൈ ചെയ്യുന്നതനുസരിച്ച് അടച്ച തുകയിൽ കുറവു വരുത്തുകയും ബാക്കി തുകയുണ്ടെങ്കിൽ കമ്പനികൾ നഗരസഭയ്ക്ക് ഡി . ഡി യായി അയച്ചു കൊടുക്കാറുണ്ടെന്നും ,ശ്രീ . പവിത്രൻ അസിസ്റ്റന്റ് എഞ്ചിനീയർ (Rtd.) പറഞ്ഞു .

7) ശ്രീ . മനോഹരൻ . കെ . കെ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൊഴി പ്രകാരം അദ്ദേഹം കൂടുതൽ കാലവും ടൗൺ പ്ലാനിംഗ് ഓഫീസിലാണ് ജോലി ചെയ്തത് എന്നും ആവശ്യമായ ടാറിന്റെ അളവ് റിപ്പോർട്ട് ചെയ്യുക മാത്രമേ അദ്ദേഹത്തിന്റെ ചുമതലയിലുണ്ടായിരുന്നുള്ളുവെന്ന് പറഞ്ഞു .

8) അസിസ്റ്റന്റ് എഞ്ചിനീയർ ( തലശ്ശേരി നഗരസഭയിലെ മുൻ ഓവർസിയറായിരുന്ന ) ശ്രീ- മനോജ് കുമാറിന്റെ മൊഴി പ്രകാരം ഓരോ സാമ്പത്തിക വർഷവും അടയ്ക്കുന്ന മുഴുവൻ തുകയും ഒരുമിച്ച് ടാർ ഇറക്കിയാൽ അത് വയ്ക്കുന്നതിന് നഗരസഭയിൽ സ്ഥലമില്ലായെന്നും റോഡിന്റെ അരികിലും മറ്റുമാണ് ടാർ സൂക്ഷിച്ചിരുന്നതെന്നും ഇത് സുരക്ഷിതമല്ലാത്തതിനാലാണ് ഒരുമിച്ച് ടാർ ഇറക്കാതിരുന്നത് എന്നും ടാർ ലഭിക്കുമ്പോൾ അത് എല്ലാ വർക്കുകൾക്കും വേണ്ടി ഉപയോഗിക്കാറുണ്ടായിരുന്നുവെന്നും 1997-98 വർഷത്തിൽ നീക്കിയിരിപ്പ് തുക വിനിയോഗിച്ചാണ് 2000-2001 വർഷത്തിൽ ടാർ നൽകിയത് എന്ന തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയത് ബാലൻസ് ഷീറ്റ് തയ്യാറാക്കിയത് കൊണ്ടാണെന്നും 1997-98 വർഷത്തെ പദ്ധതികൾക്ക് ആവശ്യമായ ടാർ അതേ വർഷം തന്നെ ലഭിക്കാറുണ്ടായിരുന്നുവെന്നും ഓയിൽ കമ്പനിയിൽ നിന്നും ടാർ ബാക്കി ലഭിക്കാനുണ്ടോ എന്നു പരിശോധിക്കാനാണ് ബാലൻസ് ഷീറ്റ് തയ്യാറാക്കിയതെന്നും ഓയിൽ കമ്പനിയിൽ ഒടുക്കിയ തുക കമ്പനിയിൽ നിന്നും തിരികെ ഈടാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നില്ലായെന്നുള്ളത് അംഗീകരിക്കുവാൻ കഴിയുകയില്ലെന്നും 3/12/98, 9/3/99, 13/9/99, 3/12/99, എന്നീ തീയതികളിൽ കത്ത് നൽകിയതിന് തെളിവുണ്ടെന്നും ബോധിപ്പിച്ചു . 1997 -98 മുതൽ 2000-2001 വരെ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ ടാറിന് വേണ്ടി തുക അടച്ചതിന്റെയും അവിടെ നിന്ന് ടാർ ലഭിച്ചതിന്റെയും ബാക്കി തുക അവിടെ നിലനിൽക്കുന്നത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിരുന്നു

9) സർക്കാർ ലഭ്യമായ രേഖകളും രജിസ്റ്ററുകളും വിശദമായി പരിശോധിച്ചു മുനിസിപ്പൽ എഞ്ചിനീയർ പദ്ധതി തയ്യാറാക്കി ആവശ്യമായ ടാറിന്റെ അളവെടുത്ത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇൻവോയ്സ് വാങ്ങി തുക ഓയിൽ കമ്പനിയിൽ അടയ്ക്കുന്നു . അടയ്ക്കുന്ന മുഴുവൻ തുകയ്ക്കും അപ്പോൾ തന്നെ ടാർ നൽകാനായില്ലെങ്കിൽ ബാക്കി തുക പിന്നീട് അടയ്ക്കുന്ന തുകയുടെ കൂടെ കൂട്ടുകയും ടാർ ഇഷ്യൂ ചെയ്യുന്നതനുസരിച്ച് പ്രസ്തുത ബാലൻസ് കുറവ് ചെയ്യുകയും ചെയ്യും . അതായത് ഒരിക്കലടച്ച തുകയ്ക്ക് മുഴുവൻ ടാർ ഇഷ്യൂ ചെയ്തില്ലെങ്കിൽ ബാക്കിവരുന്ന തുക പ്രത്യേകം മാറ്റി വയ്ക്കാറില്ല . അതുകൊണ്ടു തന്നെ 1997-98 - ൽ അടച്ച 9,43,920/- രൂപയിൽ 4,23,091/- രൂപയ്ക്ക് ടാർ നൽകിയ ശേഷം ബാക്കി വന്ന തുകയായ 5,40,829/- രൂപ മാറ്റി വച്ചിട്ട് 2000-2001 വർഷത്തിൽ മാത്രം ടാർ ഇഷ്യൂ ചെയ്തുവെന്നും ടാറിന്റെ വിലയിൽ വന്ന വ്യത്യാസം മൂലം ( കൂടുതൽ ) 1997-98 വർഷത്തിൽ ലഭിക്കുമായിരുന്ന ടാറിന്റെ അളവിനേക്കാൾ കുറഞ്ഞ അളവ് ടാർ മാത്രമേ 2000-01 വർഷം ലഭിച്ചുള്ളൂവെന്നും അങ്ങനെ കോർപ്പറേഷന് 1,37,171 /- രൂപയുടെ നഷ്ടം വന്നുവെന്നും എന്ന കണ്ടെത്തൽ സാങ്കേതികമായ ഒരു പിഴവാണെന്ന് മനസ്സിലാക്കാം . 1997-98 വർഷം മുതൽ 2000 വർഷം വരെ തുക അടച്ചതിന്റെയും ടാർ ലഭിച്ചതിന്റെയും ബാക്കിയുള്ള തുക സംബന്ധിച്ചും അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കിയിട്ടുണ്ട് . പദ്ധതികൾ ഏറ്റെടുക്കുന്നിടത്തോളം കാലം ടാറിനായി പണം അടയ്ക്കുകയും ലഭ്യത അനുസരിച്ച് ടാർ നൽകുകയും വീണ്ടും പണം അടയ്ക്കുമ്പോൾ നേരത്തെ ഉണ്ടായിരുന്ന ബാക്കി തുകയുടെ കൂടെ ചേർത്ത് ടാർ നൽകുകയുമാണ് ചെയ്യുന്നത് . മുകളിൽ പറഞ്ഞിരിക്കുന്ന സ്റ്റേറ്റ്മെന്റിൽ നിന്ന് ഇത് വ്യക്തമാകുന്നതാണ് . ഓഡിറ്റ് ഇങ്ങനെ കണ്ടെത്താൻ കാരണം പബ്ലിക്ക് വർക്ക് ഓവർസിയർ ഓയിൽ കമ്പനിയിൽ നിന്നും ബാക്കി തുക മുൻസിപ്പാലിറ്റിയിലേയ്ക്ക് തിരികെ ലഭിക്കാനുണ്ടോ എന്ന് കണ്ടെത്താൻ വേണ്ടി

തയ്യാറാക്കിയ ബാലൻസ് ഷീറ്റ് കാരണമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

10) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഇടയ്ക്കിടയ്ക്ക് വില വ്യത്യാസമുണ്ടാകാറുണ്ട്. അപ്പോൾ ടാറിന് വില കൂടുകയോ കുറയുകയോ ചെയ്യുന്നു. അതിനനുസരിച്ച് ലഭ്യമാകുന്ന ടാറിന്റെ അളവിലും ഏറ്റക്കുറച്ചിലുകളുണ്ടാകുന്നു. 97-98 കാലഘട്ടത്തിൽ ടാറിന്റെ വിലയുടെ കൂടെ 12.5% സെയിൽസ് ടാക്സ് മാത്രമേ ഈടാക്കിയിരുന്നുള്ളൂ. എന്നാൽ 2000-01 കാലഘട്ടം ആയപ്പോഴേക്കും സെയിൽസ് ടാക്സ് 16% ആയി ഉയർന്നു. കൂടാതെ 24% കസ്റ്റംസ് ഡ്യൂട്ടി യും കൂടി ഉൾപ്പെടുത്തിയാണ് ടാറിന്റെ വില കണക്കാക്കിയിരുന്നത് എന്ന് ഓഡിറ്റ് ലഭ്യമാക്കിയിരിക്കുന്ന കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ നിന്നും കാണാവുന്നതാണ്. യഥാർത്ഥത്തിൽ ഈ കാലയളവിൽ 97-98 കാലയളവിൽ ഉണ്ടായിരുന്ന 9,194/- രൂപയേക്കാൾ കുറഞ്ഞ നിരക്കായ 8,360/- രൂപയായിരുന്നു 2000-01 കാലയളവിൽ ടാറിന് ഉണ്ടായിരുന്ന വില.

11) ഓഡിറ്റ് പരാമർശമുണ്ടായിരുന്നപ്പോൾ തന്നെ ജീവനക്കാർ വേണ്ടത്ര ജാഗ്രതയോടും ശ്രദ്ധയോടും കൂടി ഓഡിറ്റിന് മറുപടി നൽകിയിരുന്നുവെങ്കിൽ ഈ വിഷയം സമിതിയുടെ പരിഗണനയ്ക്കും പിന്നീട് കോടതിയിലും പോകേണ്ടിവരുമായിരുന്നില്ല. പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നോ പ്രവർത്തി സംബന്ധിച്ച് എന്തെങ്കിലും പോരായ്മകൾ ഉണ്ടെന്നോ ഓഡിറ്റ് കണ്ടെത്തിയിട്ടില്ല. അതുകൊണ്ട് തന്നെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും മുനിസിപ്പാലിറ്റിക്ക് നഷ്ടമൊന്നും വന്നിട്ടില്ലായെന്നും മനസ്സിലാക്കാവുന്നതാണ്. 17-18 വർഷങ്ങൾക്ക് ശേഷം ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും അക്കൗണ്ട്സ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് ഓഡിറ്റും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. മനോജ് കുമാറും ലഭ്യമാക്കിയിരിക്കുന്നതിൽ സപ്ലൈ അനുസരിച്ച് തുക കുറച്ചു കൊണ്ടുവരുന്നതായി കാണാവുന്നതാണ്. ആയതിനാൽ ഒരു പ്രത്യേക തുക മാറ്റി വച്ചിരുന്ന് 2 വർഷങ്ങൾക്ക് ശേഷം മാത്രം ടാർ സപ്ലൈ ചെയ്യുവെന്നുള്ള ഓഡിറ്റിന്റെ കണ്ടെത്തൽ സാങ്കേതികമായ പിഴവുമാത്രമാണെന്ന് വ്യക്തമാവുന്നതാണ്. സാങ്കേതിക പിഴവിന്റെ പേരിൽ ഉദ്യോഗസ്ഥരെ ശിക്ഷിക്കപ്പെട്ടാൽ അത് അവരുടെ മനോവീര്യം തകർക്കാൻ കാരണമാവും.

12) മേൽസാഹചര്യത്തിൽ നഷ്ടോത്തരവാദികളായി ആഡിറ്റ് കണ്ടെത്തിയിട്ടുള്ള 8 പേർക്കെതിരെയുള്ള പരാമർശം (1)പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് ,നഷ്ടത്തുക ഈടാക്കുന്നതിൽ നിന്നും ടിയാളുകളെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

13) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/12/2014-ലെ-ലെ ടി-എ 9572013ാം നമ്പർ കേസിലെ വിധിന്യായം ഇതിനാൽ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**റ്റി.വിജയൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി,കേരള നിയമസഭ(ഉപരിപത്രം സഹിതം)
കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തലശ്ശേരി നഗരസഭ,കണ്ണൂർ
തലശ്ശേരി നഗരസഭയിലെ മുൻഅസിസ്റ്റന്റ് എഞ്ചിനിയർ- ശ്രീഎം.പവിത്രൻ, മുൻഅസിസ്റ്റന്റ് എഞ്ചിനിയർ- ശ്രീ.കെ.കെ മനോഹരൻ, മുൻമുൻസിപ്പൽ എഞ്ചിനിയർ- പി,ആർ.സജികുമാർ,മുൻഓവർസിയർ ശ്രീ.ആർ.മനോജ് കുമാർ (ചീഫ് എഞ്ചിനിയർ മുഖേന).
ചീഫ് എഞ്ചിനിയർ,തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്.)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ